(ബി) 50 എണ്ണം

(സി) പുതുതായി 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 15 എണ്ണം കൂടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

**എംപ്ലോയീസ് വെൽഫെയർ ഫണ്ട് സ്കീം**

**38 (2316)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ എംപ്ലോയീസ് വെൽഫയർ ഫണ്ട് സ്കീം എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയനുസരിച്ച് മാസവരി പിടിക്കുകയും എന്നാൽ അംഗത്വ നമ്പർ ലഭിക്കാതിരുന്നതിനാൽ പെൻഷൻ ആയതിനുശേഷവും പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതിരിക്കുകയും ചെയ്ത എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്ക് ആനുകൂല്യം നൽകുന്നതിന് വൈദ്യുതി ബോർഡ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-1-1975-ൽ.

(ബി) ഈ സ്കീം അനുസരിച്ച് അംഗത്വത്തിനുവേണ്ടി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയും ഇതുമൂലം അംഗത്വ നമ്പർ ലഭിക്കാതിരിക്കുകയും എന്നാൽ മാസവരി പിടിക്കുകയും ചെയ്ത പെൻഷൻ പറ്റിയ 34 പേരുടെ അപേക്ഷകൾ നിലവിലുണ്ട്.

(സി&ഡി) ഇവർക്ക് ഈ ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിലാണ്.

**ലൈൻമാൻ ഗ്രേഡിൽ വൈദ്യുതി ബോർഡിൽ നിയമനം ലഭിച്ചവരുടെ പ്രൊമോഷൻ**

**39 (2317)** ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ൽ ലൈൻമാൻ ഗ്രേഡിൽ വൈദ്യുതി ബോർഡിൽ നിയമനം ലഭിച്ച 1000 പേരിൽ മെമ്മോ നമ്പർ 197 കാരനെ മറികടന്ന് 480-ാമത് നമ്പർ കാരന് ഓവർസീയർ ആയി പ്രൊമോഷൻ നൽകിയിട്ടുണ്ടോ ;

(ബി) 1983 ഒടുവിൽ സർവ്വീസിൽ പ്രവേശിച്ച ഐ.റ്റി.ഐ.കാർക്ക് ഓവർസീയർ ആയി ആറ് വർഷം മുമ്പ് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ;

(സി) 1981-ലെ 197-ാം നമ്പർ കാരനായ എ.കെ. വർഗ്ഗീസിന് പ്രൊമോഷൻ നൽകാത്തതിന്റെ സാഹചര്യം വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly